ബാക്ടീരിയകളാൽ നാം ജീർണ്ണിക്കും. ഈ കുഴിമാടം എല്ലാത്തിനും ഒരു പരിസമാപ്തിയാണൊ? അല്ലേയല്ല. മരണത്തിനും ഉയിർത്തെഴുന്നേൽപ് നാളിനുമിടയിലെ ഒരു ഇടത്താവളം മാത്രം.

റസൂൽ (സ) പറഞ്ഞു: "ക്വബ്ർ ആഖിറത്തിൻെറ ആദ്യഘട്ടം മാത്രം." (തിർമുദി).

ക്വബ്ർ പരീക്ഷണാലയമാണ്. മുകൾസൂചിതമായ ആദ്യരാത്രിയിലെ മുഖ്യവിഷയം തന്നെ ഈ പരീക്ഷണമാണ്. തൻെറ 'റബ്ബ്' ആരെന്നും 'ദീൻ' ഏതെന്നും തങ്ങളിലേക്ക് നിയോഗിതനായ 'വ്യക്തി' (പ്രവാചകൻ) ആരെന്നും തനിക്കുള്ള 'അറിവ്' എന്താണെന്നും മലക്കുകൾ പരീക്ഷിക്കുന്ന വേദി.

റസൂൽ(സ) പറഞ്ഞു: 'ഈ സമുദായം അവരുടെ ക്വബ്റുകളിൽ പരീക്ഷിക്കപ്പെടും. നിങ്ങളിൽ നിന്നും മരണമടഞ്ഞവരെ നിങ്ങൾ മറമാടില്ലായെന്ന് ഞാൻ ഭയപ്പെട്ടി ട്ടില്ലായിരുന്നുവെങ്കിൽ ക്വബ്റിൽ സംഭവിക്കുന്നതും ഞാൻ കേൾക്കുന്നതുമായത് നിങ്ങൾക്ക് കേൾപ്പിച്ചു തരാൻ ഞാൻ അല്ലാഹുവോട് പ്രാർത്ഥിക്കുമായിരുന്നു." (മുസ്ലിം)

ക്വബ്ർ ക്വബ്റാളിയോട് സംസാരിക്കും. പക്ഷേ ആ സംസാരം അന്യർക്ക് അപ്രാപ്യം. 'ഞാൻ വിജനതയുടെ ഭവനമാണ്. ഏകാന്തതയുടെ ഗൃഹമാണ്. മണ്ണിൻെറ വീടാണ്. പുഴുക്കളുടെ ഗേഹമാണ്.' (തിർമുദി). 'ക്വബ്ർ ഒന്നുകിൽ സ്വർഗ്ഗത്തോപ്പായി മാറും. അല്ലെങ്കിൽ നരകാഗ്നിയുടെ കുഴി.' (തിർമുദി). "ക്വബ്ർ (ക്വബ്റാളിയെ കിട്ടിയാൽ ) ഇടുക്കമുണ്ടാക്കും."

ക്വബ്ർ സന്ദർശിക്കേണ്ട കേന്ദ്രമാണ്. നെഞ്ച് പിടക്കാൻ, കണ്ണ് നനയാൻ, നാളെ എനിക്കും ഈ ക്വബ്റിൽ വരേണ്ടതുണ്ടെന്ന് ഓർക്കാൻ. തന്നിൽ നിന്ന് പിരിഞ്ഞവരെല്ലാം മണ്ണിൽ പതിഞ്ഞെങ്കിൽ അതിലൊരുവൻ ഞാനും എന്ന ഉൾവിളിയുണ്ടാകാൻ, ക്വബ്ർ എന്നേയും കണ്ണു വെച്ചിട്ടുണ്ടെന്ന കാര്യം ഉറപ്പിക്കാൻ. ഹാനിഅ്(റ) പറയുന്നു: "ഉഥ്മാൻ(റ) ഒരു ക്വബ്റിന്നടുത്തു നിന്നാൽ താടി നനഞ്ഞൊലിക്കുന്നത്വരെ കരയു മായിരുന്നു. അദ്ദേഹത്തോട് പറയപ്പെട്ടു: 'സ്വർഗവും നരകവും പറയപ്പെട്ടാലും കരയാത്ത നിങ്ങൾ ക്വബ്റിൻെറ കാര്യത്തിലാണോ കരയുന്നത്?' അദ്ദേഹം പറയും നബി(സ) പറഞ്ഞിരിക്കുന്നു: 'ക്വബ്ർ ആഖിറത്തിൻെറ ആദ്യപടി മാത്രം. അതിൽ രക്ഷയായാൽ എല്ലാം എളുപ്പം. അതിൽ പ്രയാസമായാലോ എല്ലാം പ്രയാസം.". റസൂൽ(സ) പറഞ്ഞു: "ക്വബ്റിനേക്കാൾ ഭയാനകമായ ഒരു കാഴ്ച്ചയും ഞാൻ കണ്ടിട്ടില്ല." (തിർമുദി)

അസ്മാഅ് (റ) പറയുന്നു: 'അല്ലാഹുവിൻെറ റസൂൽ ഞങ്ങളിൽ പ്രാസംഗികനായി നിന്നു. ക്വബ്റിൽ ആളുകൾ പരീക്ഷിക്കപ്പെടുന്നതിനെ അവിടുന്ന് അനുസ്മരിച്ചു. അതോടെ സ്വഹാബികൾ കരഞ്ഞു വിളിച്ചു. പ്രവാചകൻെറ പ്രസംഗം ഗ്രഹിക്കാൻ പോലും എനിക്ക് സാധിച്ചില്ല. അവരുടെ കരച്ചിലടങ്ങിയപ്പോൾ ഞാൻ അടുത്തു നിന്ന ആളോട് ചോദിച്ചു, 'അല്ലാഹു നിങ്ങളെ അനുഗ്രഹിക്കട്ടെ. അല്ലാഹുവിൻെറ റസൂൽ അവസാനം പറഞ്ഞതെന്താണ്? പ്രവാചകൻ പറഞ്ഞു: 'നിങ്ങൾ ക്വബ്റുകളിൽ ദജ്ജാലിൻെറ ഫിത്വ്നക്ക് സമാനമായി പരീക്ഷിക്കപ്പെടും." (നസാഈ)

**വാൽമുറി:** പരോളിൻെറ സമയം തീരുന്നു. യാത്രക്കാരൻെറ യാത്രയും. സ്വപ്നങ്ങളിൽ നിന്ന് മുക്തമായി യാഥാർത്ഥ്യമാവാൻ പോകുന്ന മരണത്തിന് മുന്നോടിയായി ചിന്നിച്ചിതറി തിമർത്തു തീർത്ത ജീവിതത്തിൽ നിന്ന് പാഠമുൾക്കൊണ്ട് ജീവിതത്തെ ശുദ്ധീകരിക്കുക. പ്രവാചകർ ലോകത്തിന് സാക്ഷിയായിരുന്നത് പോലെ ഈ ജനഗതിക്ക് നാമും സാക്ഷികളാവുക. ജീവിക്കുന്ന ക്വുർആനുകളാവുക. അങ്ങിനെ നാളെ പരലോകത്ത് അല്ലാഹുവിൻെറ മുമ്പിൽ വിജയികളുടെ കൂട്ടത്തിൽ ആയിത്തീരാൻ ശ്രദ്ധിക്കുക. സർവ്വശക്തൻ അനുഗ്രഹിക്കുമാറാകട്ടെ. (ആമീൻ. )

**ജുബൈൽ ഇന്ത്യൻ ഇസ്വ്ലാഹീ സെൻ്റർ**

Behind Da'wah Center – Makkah Street – Jubail - Phone : 361 6730 / 362 5500x1030

# സഹോദരിമാരോട് സ്നേഹപൂർവ്വം

**പ്രിയ സഹോദരീ,,**



നിങ്ങൾ അല്ലാഹുവിൻെറ ഏകത്വതത്തിലും അന്ത്യനാളിലും വിശ്വസിക്കുന്ന വരാണല്ലോ? നമ്മുടെ ഇഹപരജീവിതത്തിന്നായി അല്ലാഹു കനിഞ്ഞരുളിയ മതമാണ് ഇസ്ലാം. അല്ലാഹുവിങ്കൽ സ്വീകാര്യമായ മതവും ഇസ്ലാം മാത്രം. മുസ്ലിംകളായി ജനിക്കാനും ജീവിക്കാനും ഭാഗ്യം ലഭിക്കുക എന്നത് മഹാഭാഗ്യമാണ്. എന്നാൽ മുസ്ലിംകളായ നാം ഈ ഭാഗ്യം പ്രയോജനപ്പെടുത്താറുണ്ടോ? മരണശേഷം രക്ഷാശിക്ഷകളുണ്ടെന്ന് വിശ്വസിക്കുന്ന നാം തന്നെ ഇസ്ലാമിൻെറ വിധിവിലക്കുകളവഗണിച്ച് ജീവിക്കുന്നുവെന്നത് ഏറെ വചിത്രവും ദൗർഭാഗ്യകരവുമത്രെ. അല്ലാഹു കർശനമായി നിർദ്ദേശിച്ചതും നമ്മിൽ പലരും ഒഴിവാക്കിയതുമായ ഇത്തരമൊരു നിയമമത്രെ സ്ത്രീകളുടെ വസ്ത്രധാരണ രീതി.

**സഹോദരീ, ശ്രദ്ധിക്കുക, ചിന്തിക്കുക.**

'അവർ തങ്ങളുടെ ശിരോവസ്ത്രങ്ങൾ മാറിലൂടെ താഴ്ത്തിയിടട്ടെ' എന്ന് അല്ലാഹു മുസ്ലിം സ്ത്രീകളോട് കൽപിച്ചു. താഴെ കൊടുത്തിരിക്കുന്ന നബിവചനങ്ങളും ഇക്കാര്യത്തിൻെറ ഗൗരവം നമ്മെ ബോധ്യപ്പെടുത്തുന്നു.

**നബി(സ)യുടെ തിരുവചനങ്ങൾ ശ്രദ്ധിക്കുക:**

"എൻെറ സമുദായത്തിൻെറ അന്ത്യഘട്ടത്തിൽ വസ്ത്രം ധരിച്ച നഗ്നകൾ ഉണ്ടായിരിക്കുന്നതാണ്. അവരുടെ ശിരസ്സുകൾ ഒട്ടകത്തിൻെറ പൂഞ്ഞ കണക്കെ ആയിരിക്കും. അവരെ നിങ്ങൾ ശപിക്കുക. അവർ ശാപാർഹരാണ്" (ത്വബ്റാനി)

"രണ്ടു വിഭാഗം ആളുകൾ നരകത്തിലാണ്. അവരെ ഞാൻ കണ്ടിട്ടില്ല. പശുക്കളുടെ വാലു കണക്കെയുള്ള ചാട്ടവാറുകൾകൊണ്ട് മനുഷ്യരെ അടിക്കുന്നവരാണ് (അവരിൽ ഒരു വിഭാഗം). വസ്ത്രമണിഞ്ഞിട്ടും നഗ്രായ, സ്വയം ചാഞ്ഞും ചരിഞ്ഞും അന്യരെ തങ്ങളിലേക്ക് ചായിച്ചും ചരിഞ്ഞുലഞ്ഞ ഒട്ടകപ്പൂഞ്ഞ പോലെ ശിരസ്സുകളുള്ള സ്ത്രീകളുമാണ് (രണ്ടാമത്തെ വിഭാഗം.) സ്വർഗ്ഗത്തിൽ അവർ പ്രവേശിക്കില്ല. സ്വർഗ്ഗത്തിൻെറ പരിമളം ആസ്വദിക്കുകയില്ല. നിശ്ചയം, സ്വർഗ്ഗത്തിൻെറ പരിമളം ഒരു നിശ്ചിത ദൂരത്തിനപ്പുറമായിരിക്കും." (മുസ്ലിം)

പ്രായപൂർത്തിയായ സ്ത്രീ, തൻെറ ശരീരാവയവങ്ങൾ അന്യരിൽ നിന്നും മറക്കണമെന്ന് നബി(സ) കൽപിച്ചിട്ടുണ്ട്. എന്നിട്ടും മുടി ബോബു ചെയ്തും, നഗ്നത പ്രകടമാക്കുന്ന നേരിയ വസ്ത്രങ്ങളും, പാറിപ്പറക്കുന്ന ഫാഷൻ പർദ്ദകളണിഞ്ഞും, പർദ്ദ ധരിച്ചാൽ തന്നെ തലമുടി മുഴുവനും പുറത്തു കാണിച്ചുകൊണ്ടും, പുരുഷൻമാരുടെ ശ്രദ്ധ പിടിച്ചു പറ്റുന്ന തരത്തിലുള്ള സൗന്ദര്യ വർദ്ധകവസ്തുക്കളും സുഗന്ധ ദ്രവ്യങ്ങളും ഉപയോഗിച്ചു കൊണ്ടും പുറത്തിറങ്ങി നടക്കുന്നതിന് ഇന്ന് പല സഹോദരിമാർക്കും ലജ്ജയില്ലാതായിരിക്കുന്നു.

**സഹോദരീ,,,** അല്ലാഹുവിൻെറ വിധിവിലക്കുകൾ മാനിക്കാതെ, മറക്കേണ്ട ഭാഗങ്ങൾ മറക്കാതെ ജീവിച്ചാലുള്ള കഠിനകഠോരമായ ശിക്ഷയെന്തെന്ന് പരിശുദ്ധ ക്വുർആനിലൂടെയും തിരുവചനങ്ങളിലൂടെയും നിങ്ങൾ മനസിലാക്കിയില്ലേ?

**സഹോദരീ,,** നിങ്ങളുടെ സൗന്ദര്യം അല്ലാഹുവിൻെറ അനുഗ്രഹമാണ്. അത് അന്യരുടെ മുന്നിൽ പ്രദർശിപ്പിക്കാനുള്ളതല്ല. ഭർത്താവിനുള്ളതാണത്. എന്തിന് അങ്ങാടിപ്പിള്ളേർക്കും പൂവാലൻമാർക്കും നിങ്ങളുടെ മേനിയഴക് കാണിച്ചു കൊടുക്കണം.? താടിയുള്ളവരേയും മറ്റും കാണുമ്പോൾ തട്ടം കൊണ്ടോ സാരിത്തലപ്പു കൊണ്ടോ തലമറക്കാൻ ശ്രമിക്കുന്ന ചിലരേയും കാണാം. നിങ്ങൾ ഇവരെയല്ല പേടിക്കേണ്ടത്,

പടച്ചവനെയാണെന്നോർക്കുക. താടിക്കാരനായാലും അല്ലെങ്കിലും അന്യർ എപ്പോഴും അന്യർ തന്നെയാണ്.

**സഹോദരീ ഓർക്കുക,,,,,** *നിങ്ങൾ തുറന്നിട്ടിരിക്കുന്ന സുന്ദരമായ കറുത്ത തലമുടി നാളെ നരക്കാനുള്ളതാണ്. നിങ്ങൾ മിനുക്കുന്ന കവിളും ചുവപ്പിക്കുന്ന ചുണ്ടും വിരലുകളുമൊക്കെ നാളെ ചുക്കിച്ചുളിയാനുള്ളതാണ്. ഇന്ന് നിങ്ങൾ പുറത്തു കാണിക്കുന്ന കയ്യും വയറിൻെറ ഭാഗവും കഴുത്തുമൊക്കെ നാളെ ക്വബ്റിലേക്ക് കെട്ടിപ്പൊതിഞ്ഞു ഇറക്കി വെക്കാനുള്ളതാണ്. മറ്റെന്നാൾ നീര് വന്ന് വീർത്ത് പൊട്ടിയൊഴുകി നാലാം നാൾ പുഴു തിന്ന് മണ്ണോട് ചേരാനുള്ളതാണ്.*

ആരുടെ തൃപ്തിക്ക് വേണ്ടിയാണ് സഹോദരീ നിങ്ങൾ ഇസ്ലാമിനെതിരായ വേഷം ധരിച്ചിരിക്കുന്നത്. ഭർത്താവ് പറഞ്ഞിട്ടാണൊ? എങ്കിലദ്ദേഹത്തോട് പറയൂ, ഈ ശരീരം നിങ്ങൾക്കുള്ളതാണ്. മറ്റുള്ളവരുടെ മുന്നിൽ പ്രദർശിപ്പിക്കാനുള്ളതല്ല. താങ്കളുടെ തൃപ്തിക്ക് വേണ്ടി ഞാനല്ലാഹുവിൻെറ കോപം സമ്പാദിക്കുകയാണെങ്കിൽ അല്ലാഹുവിൻെറ കോടതിയിൽ വെച്ച് എന്നെ രക്ഷിക്കാൻ താങ്കൾക്കാവില്ല.

**സഹോദരീ**, കൂട്ടുകാരിയോ ബന്ധുക്കളോ പറഞ്ഞിട്ടാണൊ? എങ്കിലോർക്കുക, നാളെ പരലോകത്ത് സ്വന്തം പ്രവർത്തനങ്ങളുടെ കണക്കുമായി നിങ്ങൾ ഒറ്റക്കാണ് പടച്ചവൻെറ മുമ്പിൽ ഹാജരാകേണ്ടി വരിക. ആരും രക്ഷക്ക് വരില്ല. ആരുടെ തലയിലും കെട്ടി വെക്കാനും കഴിയില്ല.

പെൺമക്കളെ *മദ്രസയിലും അറബിക്കോളേജിലും പറഞ്ഞയക്കുമ്പോൾ ഇസ്ലാമിക വേഷവും, സ്കൂളിലേക്കോ കല്ല്യാണവീട്ടിലേക്കോ പറഞ്ഞയക്കുമ്പോൾ പുരുഷൻമാരെ ആകർഷിപ്പിക്കുന്ന അർദ്ധനഗ്ന വസ്ത്രങ്ങളും അണിയിച്ചു കൊടുക്കുന്ന പ്രിയ സഹോദരീ, നിങ്ങളുടെ ഓമനമക്കൾക്ക് സമ്മാനിക്കുന്നത് നരകത്തിലെ തീക്കട്ടയാണെന്നോർക്കുക.* ആരെയാണ് നിങ്ങൾ പറ്റിക്കാൻ നോക്കുന്നത്.? പടച്ചവനെയോ? അതോ മനുഷ്യരെയോ?

**സഹോദരീ,** വീട്ടുകാരുടെ താത്പര്യങ്ങളും നാട്ടുനടപ്പുകളും ഇസ്ലാമിനെതിരാണോ? എങ്കിലവയെ അഗണ്യകോടിയിൽ തള്ളിക്കളയുക. നാളെ അല്ലാഹുവിൻെറ വിചാരണ ഭയാനകവും ഭീതിജനകവുമായിരിക്കുമെന്ന കാര്യം മറക്കാതിരിക്കുക. പശ്ചാതാപവും, പർദ്ദയും നാളെയാവാം എന്ന് കരുതി മാറ്റിവെച്ചാൽ ആ നാളെ നിങ്ങൾക്ക് ഉണ്ടായില്ലെന്ന് വരാം.

**സഹോദരീ**, അല്ലാഹുവിലും പരലോകത്തിലും നിങ്ങൾ ആത്മാർത്ഥമായി വിശ്വസിക്കുന്നുവെങ്കിൽ, നിങ്ങൾ ഇസ്ലാമിൻെറ വസ്ത്രധാരണരീതി സ്വീകരിക്കുക. ഇസ്ലാമിക ജീവിതം നയിക്കുക. ജനങ്ങളുടെ പ്രീതിയും പുകഴ്ത്തലും അവഗണിച്ച് അല്ലാഹുവിൻെറ തൃപ്തിയും രക്ഷയും കരഗതമാക്കാൻ മുന്നേറുക. അതത്രെ നിങ്ങൾക്കേറ്റവും സൗഭാഗ്യകരവും സുരക്ഷിതവുമായിട്ടുള്ളത്.

തിരുനബി(സ)യുടെ താക്കീത് ശ്രദ്ധിക്കുക.: "ജനങ്ങളുടെ കോപത്തെ അവഗണിച്ച് അല്ലാഹുവിൻെറ തൃപ്തി കാംക്ഷിക്കുന്നവനോട് അല്ലാഹു തൃപ്തിപ്പെടുകയും ജനങ്ങൾക്കവനോട് സംതൃപ്തിയുണ്ടാവുകയും ചെയ്യും. അല്ലാഹുവിൻെറ കോപം വാങ്ങി ജനങ്ങളുടെ സംതൃപ്തി കാംക്ഷിക്കുന്നവനോട് അല്ലാഹു കോപാകുലനാവുകയും ജനങ്ങൾക്കവനോട് കോപമുണ്ടാവുകയും ചെയ്യും." (ഇബ്നു ഹിബ്ബാൻ)

സഹോദരീ, അന്ത്യസമയത്തിലും വിചാരണനാളിലും വരാനിരിക്കുന്ന ഭയാനകമായ സംഭവങ്ങളെക്കുറിച്ചുള്ള മുന്നറിയിപ്പുകളും നിങ്ങൾ ശ്രദ്ധിച്ചിട്ടില്ലേ? നോക്കൂ,,,,,

"ഹേ, മനുഷ്യരെ, നിങ്ങളുടെ രക്ഷിതാവിനെ സൂക്ഷിക്കുവീൻ. അന്ത്യസമയത്തിലെ പ്രകമ്പനം വമ്പിച്ചൊരു കാര്യമത്രെ. നിങ്ങളത് കാണുന്ന ദിവസം മുല കൊടുക്കുന്ന ഓരോ സ്ത്രീയും അവൾ മുല കൊടുക്കുന്ന കുഞ്ഞിനെക്കുറിച്ച് അശ്രദ്ധയിലായിത്തീരും. ഗർഭിണിയായ ഓരോ സ്ത്രീയും അവരുടെ ഗർഭം പ്രസവിച്ചു പോവുകയും



ചെയ്യുന്നതാണ്. ജനങ്ങളെ മത്ത് പിടിച്ചവരായി നിങ്ങൾക്ക് കാണാം. എന്നാൽ (യഥാർത്ഥത്തിൽ) അവർ മത്തു പിടിച്ചവരല്ല. പക്ഷേ അല്ലാഹുവിൻെറ ശിക്ഷ കഠിനമത്രെ." (വി.ക്വു 80:34-37)

**പ്രിയ സഹോദരീ** ഈ മുന്നറിയിപ്പ് നാളെ പരലോകത്ത് ഹാജരാക്കപ്പെടും തീർച്ച. ഇതിനെ വെറും കടലാസുതുണ്ടു പോലെ ചുരുട്ടി വലിച്ചെറിയണമോ? അതല്ല ഇതിൽ പറഞ്ഞ കാര്യങ്ങൾ പിൻപറ്റി ജീവിതം നന്നാക്കണമോ? നിങ്ങൾ തന്നെ തീരുമാനിക്കുക.

പടച്ച തമ്പുരാൻെറ വിധി വിലക്കുകൾ സൂക്ഷിച്ച് ജീവിതം ധന്യമാക്കുക. അല്ലാഹു നമ്മെ അനുഗ്രഹിക്കുമാറാകട്ടെ. (ആമീൻ)

ഹേ, വിശ്വസിച്ചവരേ, നിങ്ങൾ നിങ്ങളുടെ സ്വദേഹങ്ങളേയും നിങ്ങളുടെ കുടുംബങ്ങളേയും നരകാഗ്നിയിൽ നിന്ന് കാത്തു കൊള്ളുവിൻ. അതിൽ കത്തിക്കപ്പെടുന്നത് മനുഷ്യരും കല്ലുകളുമാകുന്നു." (വി.ക്വുർആൻ, 66:6)

## ശ്മശാനഭൂമിയിൽ ഒരു ആദ്യരാത്രി

ഈ ആദ്യരാത്രി ഇരുട്ടറയുടേതാണ്. നിറങ്ങൾക്ക് പകരം ഇരുട്ട്കൊണ്ട് ചായം മുക്കിയ അറ. കല്ല്കൊണ്ടും ചെളികൊണ്ടും ഭദ്രമാക്കിയ മേൽക്കൂര. കവാടങ്ങളോ കതകുകളോ ജനലഴികളോ ഇല്ലാത്ത മൺചുമരുകൾ. പ്രകാശപ്രസരണമോ വായുസഞ്ചാരമോ ഇല്ലാത്ത ചെറുമുറി. പാമ്പുകളും പുഴുക്കളും സംഘത്തോടെ അതിഥികളാകുന്ന അതിഥിമന്ദിരം. ഉറ്റവരും ഉടയവരും കൊണ്ടുചെന്നാക്കുന്ന അനാഥാലയം. മുഖം വെളിപ്പെടുത്തി ശരീരം ഭദ്രമായി വെള്ളകൊണ്ട് പൊതിയപ്പെട്ട നീ തനിച്ച് കിടക്കേണ്ട അറ. മരിക്കാൻ വേണ്ടി വാങ്ങിയ റൂഹ് തിരിച്ചു നൽകപ്പെട്ടാൽ നിന്നെ മണ്ണിട്ട് മൂടിയവർ തിരിഞ്ഞു നടക്കുന്നത് കാതോർത്ത് കേൾക്കാൻ മാത്രം വിധി നിന്നെ സമ്മതിക്കുന്ന മാളം. ജീവിതത്തിന് ശേഷം പരലോകത്തേക്ക് നിന്നെ ഉയിർത്തെഴുന്നേൽപിപ്പക്കപ്പെടാൻ നീ കാത്തിരിക്കേണ്ട താൽക്കാലിക കുഴിമാടം.

ഇവിടെയത്രെ ആദ്യരാത്രി യാഥാർത്ഥ്യമാകുന്നത്. വിരഹ ദു:ഖത്തിൻെറ, പ്രയാസത്തിൻെറ, ഏകാന്തതയുടെ, വിജനതയുടെ, ഇരുട്ടിൻെറ ആദ്യരാത്രി. ശ്മശാനമൂകതയിൽ, ക്വബ്റിൻെറ ഘനാന്ധകാരത്തിൽ, ആരോരും കേൾക്കാത്ത വിലാപത്തിൽ, ഒന്നു തെന്നി മാറാനോ, മാറിക്കിടക്കാനോ, ഓടി രക്ഷപ്പെടാനോ, പുറംലോകത്തേക്കൊന്നെത്തി നോക്കാനോ പോലും കഴിയാത്ത ഇടുങ്ങിയ അറയിലെ ആദ്യരാത്രി.

സുഹൃത്തേ, ഒന്നാലോചിക്കണം. നാമോരോരുത്തരുടേയും പിന്നിലൂടെ ഒരു കുഴിമാടം ചലിച്ചുകൊണ്ടിരിക്കുന്നു. ഒരാദ്യരാത്രിയിലേക്കുള്ള കോപ്പു കൂട്ടി. നാമംഗീകരിച്ചാലും ഇല്ലെങ്കിലും യാഥാർത്ഥ്യത്തിൻെറ പ്രസ്തുത രാത്രിയിലേക്കുള്ള കെട്ടും കെട്ടി കാത്തു കിടക്കുകയാണ് നാം. മലക്കുൽ മൗത്ത് വന്ന് കതകിൽ മുട്ടിയാൽ നാം ജീവിതത്തിൽ നിന്ന് യാത്രയാവും. ആറു കാലുള്ള കട്ടിലിൽ വഹിച്ച് ആളുകൾ നമ്മെ ഇരുട്ടറയിലേക്ക് തള്ളും. ഇന്നല്ലെങ്കിൽ നാളെ ആ മഹാലോകത്തിൻെറ ചെറിയ വീട് നാം സന്ദർശിക്കുക തന്നെ ചെയ്യും. നാം തനിച്ച് ആരോരുമില്ലാതെ. അവിടെ തലോടാനും താലോലിക്കാനും ഉമ്മയില്ല. സുഖദു:ഖങ്ങൾ പങ്കുവെക്കാൻ, ആശ്വസിപ്പിക്കാൻ ജീവിതപങ്കാളികളില്ല. നമുക്ക് വേണ്ടി നെടുവീർപ്പിടാൻ ഉപ്പയില്ല. മനം കുളിർപ്പിക്കാൻ വാൽസല്ല്യനിധികളായ മക്കളില്ല. കൂടെ സൗഹൃദം പങ്കിടാൻ കൂട്ടുകാരില്ല. സല്ലപിക്കാൻ സഹയാത്രികരില്ല. ഉമ്മയും ഇണയും സഹോദരരും മക്കളും കണ്ണീർ വാർത്തുകൊണ്ട് സലാം പറഞ്ഞു നമ്മെ യാത്രയയക്കും. നമ്മെ വഹിച്ചു കുഴിമാടം വരെ അനുഗമിക്കുന്ന നമ്മുക്ക് വേണ്ടപ്പെട്ടവരും നാം മണ്ണിനടിയിലായാൽ നമ്മെവിട്ട് തിരിഞ്ഞു നടക്കും. മക്കളാകട്ടെ അനാഥത്വത്തിൻെറ കദനം പേറി ഉപ്പയായാലും ഉമ്മയായാലും ആ മഹാമനുഷ്യരെ ഒരു ചെറിയ കുഴിയിലാക്കി ലോകരിൽ ഒരു നാഥനെ തേടി ചുറ്റുപാടും കണ്ണോടിക്കും. അതോടെ നാം പുഴുക്കൾക്ക് വിഭവമാകും. ഇഴജന്തുക്കളും നമ്മിൽ കയറിയിറങ്ങും.